# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5721 — 29.07.2015-ൽ മറുപടിക്ക്.

### പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ആധുനികവത്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ നടപ്പിലാക്കിയ ആധുനിക സമ്പ്രദായങ്ങളും പരിശീലനങ്ങളും എന്തെല്ലാമാണെന്ന് പറയാമോ; ഇതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയോ ഉപകരണങ്ങളോ വാങ്ങിയിട്ടുണ്ടോ എന്ന് പറയാമോ; | : (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ തസ്തികകളിലായി 4059 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമായി സൈബർ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി സൈബർ ഡോം ആരംഭിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് നിരവധി സെമിനാറുകളും പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. കൂടാതെ പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികളിൽ കമാന്റോ ട്രെയിനിംഗ്, കോസ്റ്റ് ഗാർഡ് ട്രെയിനിംഗ്, മോഡ്യൂൾ ഓഫ് സൈബർ ക്രൈം തുടങ്ങിയ ആധുനിക പരിശീലന പരിപാടികൾ ഉൾപ്പെടുത്തി വരുന്നു. ഇതിനുപുറമെ ആധുനിക സമ്പ്രദായങ്ങളിലും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട പരിശീലനങ്ങൾ കേരളത്തിനകത്തും പുറത്തുമുള്ള പരിശീലന കേന്ദ്രങ്ങളിൽ നൽകി വരുന്നു. എം.പി.എഫ് സ്കീം പ്രകാരം വിവിധ വർഷങ്ങളിൽ നടത്തിയ പരിശീലന പദ്ധതികൾക്കായി വാങ്ങിയ ഉപകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) സ്ഥിരം കുറ്റവാളികളും, പരിശീലനം ലഭിച്ച കുറ്റവാളികളും അല്ലാതെ അബദ്ധത്തിലും യാദൃശ്ചികമായും കുറ്റം ചെയ്യുന്ന ഭൂരിഭാഗം ആളുകളെയും വളരെ ചെറിയ മന:ശാസ്ത്രപരമായ സമീപനങ്ങളിലൂടെ തിരിച്ചറിയാനും കുറ്റം തെളിയിക്കാനും സാധ്യതകളുണ്ടായിട്ടും അത്തരം കുറ്റവാളികളെ ശാരീരികമായ ക്രൂര മർദ്ദനത്തിന് വിധേയമാക്കുകയും അവരുടെ കുടുംബാംഗങ്ങളെ തന്നെ മാനസിക പീഡനത്തിന് വിധേയമാക്കേണ്ടി വരികയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ. | : (ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നുണ്ട്. |

(സി) പോലീസ് ജനങ്ങളുടെ സുഹൃത്ത് എന്ന മുദ്രാവാക്യം അന്വർത്ഥമാക്കുവാൻ പുതിയ പരിശീലനങ്ങളിലൂടെയും സമ്പ്രദായങ്ങളിലൂടെയും എത്രമാത്രം കഴിഞ്ഞു എന്ന് പറയാമോ?

: (സി) ജനമൈത്രി പോലീസ് പദ്ധതി വിജയകരമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് വഴി സംസ്ഥാന പോലീസ് ഇന്ത്യയിലെ തന്നെ, മാതൃക പോലീസ് ആയി പ്രധാനപ്പെട്ട മാധ്യമങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

**Equipments purchased under MoPF Scheme under Training head**

| Financial Year | Item | No./ Unit | Amount Utilised |
|---|---|---|---|
| 2011-12 | Paint Ball Gun with Accessories | 30 | 24,45,000.00 |
| 2011-12 | Obstacle Courses at KEPA | 5 | 10,00,000.00 |
| 2011-12 | Essential Training Items for PTC | 14 Items | 14,77,471.00 |
| 2013-14 | Automated Commando Training System | 1 | 67,89,950.00 |
| 2013-14 | Operational Mats | 1000 | 18,62,915.00 |
| 2013-14 | Specialised Over Wear for Commandos | 300 | 4,98,075.00 |
| 2014-15 | Automated Commando Training System | 1 | 67,89,950.00 |
| 2014-15 | Multi Gymnasium at KAP II Bn | 1 | 75,00,000.00 |
| 2014-15 | Obstacle Courses at KEPA (Level 5) | 1 | 50,00,000.00 |
| 2014-15 | High Ankle Boots | 195 | 3,89,281.00 |
| 2015-16 | Oscilloscope | 2 | 1,89,530.00 |
| 2015-16 | Operational Mats | 1603 | 38,51,198.00 |